**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5398** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വളർച്ചയിലും വികസനത്തിലും സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്; വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി പ്രകാരം സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ കുടുംബശ്രീ വഴി സാധാരണക്കാരന് 12 % പലിശയ്ക്ക് 1000/- മുതൽ 50,000/- രൂപവരെ വായ്പ സഹായം നൽകുന്നു. സഹകരണ അംഗസമാശ്വാസ പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/ ബാങ്കുകൾ അവരുടെ അറ്റലാഭത്തിന്റെ 10 ശതമാനം സഹകരണ സംഘം രജിസ്ട്രാറുടെ അംഗസമാശ്വാസ പദ്ധതിയ്ക്കായി രൂപീകരിച്ച അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുകയിൽ നിന്നും സഹകരണ സംഘങ്ങളിലെ എ ക്ലാസ്സ് അംഗങ്ങളായ മാരക രോഗം ബാധിച്ചവർക്കും മാതാപിതാക്കൾ മരണപ്പെട്ട് അവരുടെ വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയായ മക്കൾക്കും പരമാവധി 50,000/- രൂപ വരെ ധനസഹായം അനുവദിച്ച് നൽകുകയും ചെയ്യുന്നു. കോവിഡ് മഹാമാരിക്കാലത്ത് 1 മുതൽ 12 ക്ലാസുവരെയുള്ള വിദ്യാർഥികൾക്ക് ഓൺലൈൻ പഠനം നടത്തുന്നതിനായി മൊബൈൽ ഫോൺ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ 10,000/- രൂപവരെ പലിശ രഹിത വായ്പ |

വിദ്യാതരംഗിണി പദ്ധതി പ്രകാരം നൽകുകയുണ്ടായി. സർക്കാരിന്റെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഹരിതം സഹകരണ പദ്ധതി വഴി 5 വർഷം കൊണ്ട് 5 ലക്ഷം വൃക്ഷ തൈകൾ സഹകരണ സംഘങ്ങളിലൂടെ നട്ടു വളർത്തുന്നു. 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. ടി പദ്ധതി പ്രകാരം 2021 ജൂലൈ 14 വരെ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ഇ-ത്രിവേണികൾ എന്നിവ വഴി സാധാരണ ജനങ്ങൾക്ക് ജനോപകാരപ്രദമായ രീതിയിൽ വിപണിയിൽ ഇടപെടുന്നതിനും, ത്രിവേണി സൂപ്പർമാർക്കറ്റുകൾ വഴി വിപണിയിലെ വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനും പൊതുവിപണി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിറ്റഴിക്കുന്നതിനും, ഉത്സവകാലങ്ങളിൽ വിപണി സജീവമാക്കുന്നതിനും, പൊതുജനങ്ങളുടെ വാങ്ങൽ ശേഷിക്ക് ഉത്തേജനം പകരുന്നതിനും, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും മറ്റും ഉതകുന്ന വിധത്തിൽ സബ്സിഡി വിൽപ്പന ഉറപ്പാക്കുന്നതിനും കൺസ്യൂമർഫെഡിനു കഴിഞ്ഞിട്ടുണ്ട്. ഔഷധ വിപണിയിലെ ചൂഷണം തടയുന്നതിനായി നീതി മെഡിക്കൽ സ്റ്റോറുകൾ വഴി കൺസ്യൂമർഫെഡ് ഔഷധ വ്യാപാരത്തിൽ ഇടപെടുന്നുണ്ട്. സ്കൂൾ സീസണിലെ അമിത വില നിയന്ത്രിക്കുന്നതിനായി ഇ-ത്രിവേണി കളിലൂടേയും, ത്രിവേണി സൂപ്പർ മാർക്ക റ്റുകളിലൂടേയും നോട്ട് ബുക്കുകൾ ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ വിലക്കുറവിൽ നൽകുന്നുണ്ട്. വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന് വനിതാ ഫെഡറേഷൻ മുഖേന ധനസഹായം നൽകി വരുന്നു. ഹൗസിങ്ങ് ഫെഡറേഷൻ 1970 മുതൽ ഭവനവായ്പ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഇതുവരെ രണ്ട് ലക്ഷത്തോളം വീടുകൾ നിർമ്മിക്കുന്നതിനായി കേരളത്തിലെ സാധാരണക്കാർക്ക് പ്രാഥമിക ഹൗസിങ്ങ് സംഘങ്ങൾ മുഖേന വായ്പ നൽകിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന്

വനിതാ ഫെഡറേഷൻ മുഖേന ധനസഹായം നൽകി വരുന്നു സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും വനിതകൾക്ക് വേണ്ടി വനിതകളാൽ നിയന്ത്രിക്കപ്പെടുന്ന വനിതാ സഹകരണ സംഘങ്ങളും അവയുടെ നിയന്ത്രണത്തിനു വേണ്ടി വനിതാ സഹകരണ ഫെഡറേഷനും പ്രവർത്തിച്ചു വരുന്നു. വനിതാഫെഡ് മുഖേന വിവിധ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘങ്ങൾ വഴി തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും അതുവഴി വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടി വനിതാ സംഘങ്ങൾക്ക് വായ്പ നൽകി വരുന്നു. സർക്കാരിന്റെ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ഗുണഭോക്താക്കളുടെ വീട്ടുപടിക്കൽ എത്തിക്കുന്ന പദ്ധതി സഹകരണ സംഘങ്ങളിലെ കളക്ഷൻ ഏജന്റുമാർ മുഖാന്തിരം നടപ്പിലാക്കി വരുന്നു. സാമൂഹ്യ സുരക്ഷ പെൻഷൻ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കൺസോർഷ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങളിൽ നിന്നും നിശ്ചിത ശതമാനം പലിശ നിരക്ക് നൽകിക്കൊണ്ട് ഫണ്ട് സ്വീകരിക്കുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക് സംസ്ഥാനത്തിന്റെ സർവ്വോന്മുഖ വികസനത്തിനായി പല വായ്പ പദ്ധതികളും കേരള ബാങ്ക് നടപ്പിലാക്കി വരുന്നു. ജനങ്ങളുടെ വിവിധ വായ്പ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉതകുന്ന വായ്പാ പദ്ധതികളാണ് നിലവിലുള്ളത്. ചില പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സൂക്ഷ്മ ചെറുകിട ഇടത്തര വായ്പ പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്. ആയതു കൂടുതൽ ഊർജ്ജിതമാക്കി കർഷകർക്ക് കൂടുതൽ വായ്പകൾ അനുവദിച്ചു നൽകുന്നതാണ്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേരള ബാങ്ക് KB SAMAGRA PACS എന്ന വായ്പ സ്കീം നടപ്പിലാക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാസംഘങ്ങളെ കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘങ്ങൾക്ക് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ

ഫണ്ട് (AIF) സ്കീമിൽ നിന്നുള്ള 3% പലിശ സബ്സിഡിയോടുകൂടിയ വായ്പ നൽകി വരുന്നുണ്ട്. ആയത് ഇതര സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയെ പരിപോഷിക്കുന്നതിന് സഹായകരമാകും. സർക്കാരിന്റെ ഒന്നാം ഘട്ട പദ്ധതി പ്രകാരം 10453 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി 222.54 കോടി രൂപ കേരള ബാങ്ക് വായ്പയായി നൽകിയിട്ടുണ്ട്. കോവിഡ് കാലത്ത് കർഷകർക്ക് സഹായ ഹസ്തമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന എസ്.എൽ.എഫ്. വായ്പയായി 1806.59 കോടി രൂപ നൽകുകയുണ്ടായി. സ്വയം സഹായ സംഘങ്ങൾക്കും (SHG) കൂട്ടു ബാദ്ധ്യത സംഘങ്ങൾക്കും (JLG) വേണ്ടി 121 കോടി രൂപ കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി വിതരണം ചെയ്തിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ വ്യവസായ വായ്പ പദ്ധതി, കാർഷിക അനുബന്ധ വ്യവസായങ്ങൾക്കുള്ള വായ്പ തുടങ്ങിയ പദ്ധതികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നടപ്പാക്കിയിട്ടുണ്ട്. 2018 ഫെബ്രുവരി മാസം മുതൽ കെ.എസ്.ആർ.ടി.സി യിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് വിതരണം ചെയ്തു വരുന്നു. ആഭ്യന്തര ടൂറിസം വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വിവിധങ്ങളായ പദ്ധതികൾ ടൂർഫെഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇൻഫ്രാസ്ട്രക്ചർ ഒരുക്കി നാടിന്റെ വികസനം സാധ്യമാക്കുന്നതിൽ കേരളത്തിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിലെ തൊഴിൽ രഹിതരായ ആളുകൾക്ക് തൊഴിൽ നൽകി അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംസ്ഥാനത്തിന്റെ വികസനത്തിന് സഹായിക്കുന്നുണ്ട്. സഹകരണ മേഖലയിലെ സഹകരണ ആശുപത്രികൾ സാധാരണക്കാരായ ജനങ്ങൾക്ക് ആധുനിക ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ നല്കിവരുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും പ്രൊഫഷണൽസിനെ വളർത്തിയെടുക്കുന്നതിനും co-operative academy for professional education പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു. സാഹിത്യ പ്രവർത്തക സഹകരണ സംഘം സാഹിത്യമേഖലയിലുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഹകരണ സംഘമാണ്. ജനങ്ങൾക്ക് മിതമായ നിരക്കിൽ പാർപ്പിട സൗകര്യമൊരുക്കുന്നതിനായി സഹകരണ

മേഖലയിൽ അത്യാധുനിക സജ്ജീകരണത്തോടെ ഫ്ലാറ്റ് സമുച്ചയങ്ങൾ സഹകരണ മേഖലയിൽ നിർമ്മിച്ച് നൽകി വരുന്നു. പ്രവാസിക്ഷേമ സഹകരണ സംഘങ്ങൾ വഴി പ്രവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. യുവാക്കളുടെ സാമ്പത്തികവും സാമൂഹികവും സംസ്കാരികവുമായ പുരോഗതി കൈവരിക്കുന്നതിലേക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാനമൊട്ടാകെ യുവാക്കളുടെ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വളർച്ചയിലും വികസനത്തിലും കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവ സുപ്രധാന പങ്ക് വഹിക്കുന്നു. കാർഷിക/കാർഷികേതര മേഖലയിൽ ദീർഘകാല വായ്പകൾ നൽകി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക മേഖലയിൽ 1300 കോടി രൂപയിലധികം വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കർഷകർക്കായി പലിശ ഇളവ് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി, കാർഷികോൽപാദന സമാശ്വാസ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിന്റെ വികസനത്തിലും വളർച്ചയിലും മാർക്കറ്റിംഗ് സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ചുവടെ ചേർക്കുന്നു. 1. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. 2. കർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല്, തേങ്ങ, റബ്ബർ, കാർഷിക ഉല്പന്നങ്ങൾ എന്നിവ സംഭരിച്ച്, സംസ്കരിച്ച് വിപണനം നടത്തുന്നു. 3. സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തിയും തൊഴിലവസരങ്ങൾ സംജാതമാക്കിയും ഉൽപ്പാദന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിച്ച് കൊണ്ട് കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാന്റിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ "ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾ വിപണന ശാലയായ coopmartകൾ 13 ജില്ലകളിൽ ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ്

| | | | |
|---|---|---|---|
| | | | സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി പുരോഗമിച്ചു വരുന്നു. കേരളത്തിലെ 16 ഇനം കാർഷികവിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടുമുള്ള 26.10.2021 ലെ GO (Ms) No. 80/2020/Agri നമ്പർ ഉത്തരവ് പ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ 72/2020 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി Co-op Mart-Veg Fresh എന്ന പേരിൽ പച്ചക്കറികൾ പ്രാദേശിക കർഷകരിൽ നിന്നും ശേഖരിച്ച് വിപണനം ചെയ്യുന്നതിനായി വെജിറ്റബിൾ ഔട്ട് ലെറ്റുകൾ ആരംഭിച്ച് നിലവിൽ 217 ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സഹകരണ വകുപ്പ് മുഖേന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വിവിധങ്ങളായ പദ്ധതി നടത്തിപ്പിനായി ധനസഹായം അനുവദിച്ച് വരുന്നുണ്ട്. ടി ധനസഹായം അനുവദിക്കുന്നതിലൂടെ സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് ആക്കം കൂട്ടുന്നതിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ/ബാങ്കുകളെ പ്രാപ്തരാക്കുന്നു. |
| (ബി) | സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ വായ്പ അനുപാതം കുറയുന്നതും നിക്ഷേപം കെട്ടിക്കിടക്കുന്നതും സംഘങ്ങളെ നഷ്ടത്തിലേക്ക് നയിക്കുന്നതിനിടയാക്കുന്നതിനാൽ ഇത്തരം നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുമോ; | (ബി) | കേരള ബാങ്കിൽ സേവിംഗ്സ്, കറന്റ് അക്കൗണ്ട് വർദ്ധിപ്പിക്കുന്നതിനായി ശാഖാ തലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. CASA ഡെപ്പോസിറ്റ് വർദ്ധിപ്പിക്കുന്നതിന് അനുസരിച്ച് Cost of Fund കുറയുന്നതാണ്. മിതമായ നിരക്കിൽ പല വായ്പ പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. കേരള ബാങ്ക് ഇടപാടുകാരന്റെ സ്ഥാപനം എന്ന ജനകീയത നിലനിർത്തി കൊണ്ട് തന്നെ കൂടുതൽ ജനകീയമായ വായ്പ പദ്ധതികളും നിക്ഷേപ പദ്ധതികളും നടപ്പാക്കി വരുന്നു. കൂടാതെ വിവിധ മേഖലകളെ സ്വാധീനിക്കുന്ന വായ്പ പദ്ധതികളും ബാങ്കിന്റെ പരിഗണനയിലാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ ആകർഷണീയമായ വിവിധ വായ്പ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. സഹകരണ സംഘങ്ങളിൽ ഉള്ള നിക്ഷേ പങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി 2018 ഫെബ്രുവരി മാസം മുതൽ KSRTC പെൻഷൻ കൺസോർഷ്യത്തിലേയ്ക്കും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൺസോർഷ്യത്തിലേയ്ക്കും സഹകരണ സംഘങ്ങളിൽ നിന്നും ഫണ്ട് ശേഖരിച്ച് വിനിയോഗിക്കുന്നുണ്ട്. ഇപ്രകാരം KSRTC |

| | | | |
|---|---|---|---|
| | | | പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് തുക നിക്ഷേപിക്കുന്ന സഹകരണ സംഘങ്ങൾക്ക് 2018 ഫെബ്രുവരി മുതൽ 2021 ജൂൺ വരെ 10% നിരക്കിൽ പലിശ നൽകിയിട്ടുണ്ട്. 2021 ജൂലൈ മുതൽ 8.5% പലിശ നിരക്കിലാണ് KSRTC പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് ഫണ്ട് ശേഖരിച്ച് വരുന്നത്. സാമൂഹ്യ സുരക്ഷ പെൻഷൻ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കൺസോർഷ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങളിൽ നിന്നും 9% പലിശ നിരക്ക് നൽകിക്കൊണ്ട് ഫണ്ട് സ്വീകരിക്കുന്നു. സഹകരണ സംഘങ്ങളിലെ അധിക നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ലക്ഷ്യമിട്ടതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി സംസ്ഥാന അധികാര പരിധിയോട്ടു കൂടിയ ഒരു ഫെഡറൽ നെല്ല് സഹകരണ സംഘവും അതിന്റെ അധീനതയിൽ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുള്ളതാണ്. |
| (സി) | സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും നൽകുന്ന വായ്പയുടെ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കാൻ കഴിഞ്ഞാൽ കെട്ടിക്കിടക്കുന്ന നിക്ഷേപങ്ങൾ നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന സാമ്പത്തിക വിദഗ്ദരുടെ അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ